LIBRARY ARCHIVES Kerala Legislative Assembly

സഹകരണ മേഖലയിലെ ആഡിറ്റ് മാന്വൽ പരിഷ്ക്കരണം

16 (5421) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ ഓഡിറ്റ് മാന്വൽ പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) സഹകരണ മേഖലയിലെ ആഡിറ്റ് മാന്വൽ പരിഷ്ക്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഇ. നാരായണൻ ചെയർമാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയമിക്കുകയും പ്രസ്തുത സമിതി 30-4-2010-ന് ശുപാർശകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

വായ്പ അനുവദിക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി

17 (5422) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിക്ഷേപം ക്രമാതീതമായി വർദ്ധിക്കുമ്പോഴും വായ്പാ വിതരണത്തിൽ വർദ്ധനവുണ്ടാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ-കാർഷിക-ഭവന നിർമ്മാണ വായ്പകൾ നൽകാൻ പല സഹകരണ ബാങ്കുകളും വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) വാണിജ്യ ബാങ്കുകൾ രണ്ടു ദിവസം കൊണ്ടുതന്നെ നടപടികൾ പൂർത്തിയാക്കി വായ്പകൾ നൽകുമ്പോൾ സഹകരണ ബാങ്കിൽ നിന്ന് വായ്പ ലഭിക്കാൻ ആഴ്ചകൾ തന്നെ വേണ്ടി വരുന്ന കാര്യം പരിശോധിക്കുമോ ;

(ഡി) എങ്കിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുമോ ; വിശദമാക്കുമോ ;

(ഇ) സ്വന്തമായി പലിശ നിരക്ക് നിശ്ചയിക്കാൻ വാണിജ്യ ബാങ്കുകളെ പോലെ സഹകരണ ബാങ്കുകൾക്കും സ്വാതന്ത്ര്യം നൽകുമോ ; ഇല്ലെങ്കിൽ ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില സ്ഥാപനങ്ങളിൽ അങ്ങനെയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ വായ്പാ അനുപാതം 80 ശതമാനത്തിൽ കുറയാതെ നിലനിർത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കാർഷിക വായ്പാ വിതരണം ചെയ്യാത്ത പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളുടെ മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും കാർഷികേതര വായ്പാ സഹകരണസംഘങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് മതിയായ തോതിൽ നബാർഡ് പുനർവായ്പാ സൗകര്യം ലഭ്യമാകാത്ത സാഹചര്യത്തിൽ സഹകരണസംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. അർഹരായ മുഴുവൻ അപേക്ഷകർക്കും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിന് സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് വാങ്ങാവുന്ന പരമാവധി വായ്പാ പരിധിയും സംഘങ്ങൾക്ക്/ബാങ്കുകൾക്ക് കടം എടുക്കാവുന്ന പരമാവധി പരിധിയും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഭവന വായ്പ ഉൾപ്പെടെ സംസ്ഥാനത്തെ സഹകരണസംഘങ്ങൾ/ ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന എല്ലാത്തരം വായ്പകളുടേയും കാലാവധി 100 മാസമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഏതെങ്കിലും കാരണവശാൽ വായ്പാ വിതരണത്തിന് വിമുഖത കാണിക്കുകയോ വായ്പകൾ യഥാസമയം ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് സംഘങ്ങൾക്ക് നിർദ്ദേശം നൽകാറുണ്ട്.

(സി & ഡി) പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ വായ്പയെടുക്കുന്നതിന് അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സഹകരണ ബാങ്കുകൾ, വായ്പാ സംഘങ്ങൾ എന്നിവയിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് പ്രത്യേക കാലാവധി നിർദ്ദേശിച്ചിട്ടില്ലെങ്കിലും കഴിയുന്നതും വേഗം വായ്പയ്ക്കുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട് എന്ന് സഹകരണ വകുപ്പിന്റെ പരിശോധനയിൽ ഉറപ്പാക്കാറുണ്ട്. വായ്പകൾ യഥാസമയം ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിക്കുന്നവയിൽ സംഘങ്ങൾക്ക് നിർദ്ദേശം നൽകാറുണ്ട്. അർബൻ സഹകരണ ബാങ്കുകളിൽ ഉൾപ്പെടെ ഗഹാൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ഒരു പരിധിവരെ വായ്പാ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതാണ്.

(ഇ) സ്വന്തമായി പലിശ നിരക്ക് നിശ്ചയിക്കാൻ വാണിജ്യ ബാങ്കുകളെ പോലെ സഹകരണ ബാങ്കുകൾക്ക് സ്വാതന്ത്ര്യം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കാരണം അത് സാമൂഹ്യ നീതി ഇല്ലാതാക്കും.

സംസ്ഥാനത്ത് സഹകരണമേഖലയിൽ നിക്ഷേപം സ്വീകരിക്കുന്ന ഹ്രസ്വകാല വായ്പാ മേഖലയിൽ ത്രിതല സംവിധാനമാണ് നിലവിലുള്ളത്. വാണിജ്യബാങ്കുകളെ അപേക്ഷിച്ച് സഹകരണസംഘങ്ങൾ/ബാങ്കുകളുടെ ഉദ്ദേശ്യലക്ഷ്യം, പ്രവർത്തന പരിധി, പ്രവർത്തനങ്ങൾ, നിയന്ത്രണങ്ങൾ എല്ലാം വ്യത്യസ്തമാണ്. ഒരേ പ്രദേശത്തുതന്നെ പ്രവർത്തിക്കുന്ന വിവിധ വിഭാഗം സംഘങ്ങൾ/ബാങ്കുകൾ വിവിധ നിരക്കിൽ നിക്ഷേപം സമാഹരിക്കുന്നത് സംഘങ്ങൾ തമ്മിൽ അനാവശ്യവും അനാരോഗ്യകരവുമായ മത്സരം ഉണ്ടാകാനിടയാകുകയും സംഘങ്ങൾ തമ്മിലുള്ള പരസ്പര സഹകരണത്തിനും ത്രിതല സംവിധാനത്തിനും കോട്ടം സംഭവിക്കുന്നതിനും ഇടയാകുന്നതാണ്. സംസ്ഥാനത്തൊട്ടാകെ സഹകരണ മേഖലയ്ക്ക് ഇക്കാര്യത്തിൽ ഒരു ഏകീകൃത മാനദണ്ഡം ഏർപ്പെടുത്തുന്നതായിരിക്കും അഭികാമ്യം എന്ന സാഹചര്യത്തിൽ സംസ്ഥാന/ജില്ലാ/ പ്രാഥമിക ബാങ്കുകളുടേയും സർക്കാർ വകുപ്പ് നബാർഡ് പ്രതിനിധികളുടേയും പങ്കാളിത്തമുള്ള സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിശദമായി ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ് അനുസരിച്ചുള്ള പലിശ നിരക്കായിരിക്കും സഹകരണമേഖലയ്ക്ക് ഗുണകരമാകുന്നത്.

കോഴിക്കോട് ജില്ലയിലെ വായ്പാ സഹകരണസംഘങ്ങൾ

18 (5423) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എത്ര വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തനം നിലച്ച് പൂട്ടിക്കിടക്കുന്നുണ്ട് എന്നും അവ ഏതൊക്കെയാണെന്നും പ്രവർത്തനം നിലയ്ക്കാനുണ്ടായ കാരണം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) ഈ ജില്ലയിലെ എത്ര വായ്പ സഹകരണ സംഘങ്ങളെ പ്രവർത്തന മാന്ദ്യം ബാധിച്ചവയായി കണ്ടെത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരം സംഘങ്ങളെ സഹായിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഇനി സൂചിപ്പിക്കുന്ന രണ്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്.

1. നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക്
2. ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly